**India Foundation for the Arts (IFA) invites applications for**
***Arts Platforms***
**Under its Arts Practice programme**

**ഇന്ത്യ ഫൗണ്ടേഷൻ ഫോർ ആട്സിന്റെ കലാപ്രയോഗപദ്ധതിയുടെ കീഴിൽ കലാവേദികളുടെ സംഘാടനത്തിനും പ്രവർത്തനത്തിനുമുള്ള ഗ്രാന്റുകൾക്ക് അപേക്ഷ ക്ഷണിക്കുന്നു**

വർഷത്തിൽ ഏതു സമയവും പ്രൊപോസലിനുള്ള അപേക്ഷകൾ സ്വീകരിക്കുന്നതാണ്

കലാപ്രവർത്തകർക്ക് അവരുടെ വർത്തമാനകാല പ്രവർത്തനങ്ങളെ പുതിയൊരു ദിശയിലേക്ക് വികസിപ്പിക്കുവാൻ ശേഷി നൽകുന്ന വിധമാണ് കലാപ്രയോഗ പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്. കലയിലെ വ്യവസ്ഥാപിത സമ്പ്രദായങ്ങളെ ചോദ്യം ചെയ്യാനും; ഉള്ളടക്കം കൊ ് പുതിയ മേഖലകളെ തുറന്നു കാണിക്കാനും; സ്ഥലം, സംവേദകർ, സമൂഹങ്ങൾ തുടങ്ങിയവയെ കുറിച്ച് നവീനമായ ഇടപെടലുകൾ സാധ്യമാക്കാനും; പരീക്ഷണാഭിമുഖ്യത്തെ ഉൾവഹിക്കുന്ന പ്രയോഗ പദ്ധതികളെ പ്രോത്സാഹിപ്പിക്കാനുമാണ് ലക്ഷ്യം വെയ്ക്കുന്നത്.

**കലാവേദികൾ** (Arts Platforms):
സഹകരണ മനോഭാവത്തോടെ ഒത്തു ചേരാനും ആശയങ്ങൾ പങ്കുവെയ്ക്കാനും പുതിയ ആവിഷ്ക്കാര മാതൃകകൾ സൃഷ്ടിക്കാനും കൂട്ടായ്മകൾ രൂപപ്പെടുത്താനും അതുവഴി തങ്ങളുടെ കലാപ്രവൃത്തിയെ സുസ്ഥിരമാക്കാനും ചിലപ്പോൾ കല ചെയ്യുന്നവർക്ക് തോന്നിയേക്കാം. തങ്ങളുടെ മേഖലയിൽ നിന്ന് വ്യത്യസ്തമായി പുതിയൊരാശയത്തെ അന്വേഷിക്കുന്നതിനും കലാസപര്യയിൽ ഏറെ നാളായി നടത്തുന്ന ഏകാന്തമായ യാത്രയിൽ നിന്ന് പുറത്തു വരാനും അല്ലെങ്കിൽ ഒരു സാമൂഹ്യ-രാഷ്ട്രീയ സന്ദർഭത്തെ കലാത്മകമായി നേരിടാനുമൊക്കെ കൂട്ട് ചേർന്നുള്ള ഇത്തരം സഹകരണങ്ങൾ വഴി തെളിച്ചേക്കാം.

കല ചെയ്യുന്നവരുടെ സഹകരണ മനോഭാവമുള്ള വേദികളും ഇടങ്ങളും ശ്രുംഖലകളും സൃഷ്ടിക്കുന്നതിന് ഐ എഫ് എ യുടെ ആട്സ് പ്രാക്ടീസ് പ്രോഗ്രാമിന് കീഴിൽ പ്രൊപോസലുകൾ ക്ഷണിക്കുന്നു. കല ചെയ്യുന്നവർ തങ്ങളുടെ മേഖലയിൽ ശീലിച്ചു പോന്ന പ്രയോഗങ്ങളെ കൂട്ടായ്മയുടെ അടിസ്ഥാനത്തിൽ പുതിയൊരു തലത്തിലേക്ക് വികസിപ്പിക്കവാനും അതുവഴി ക്രിയാത്മകതയും ഐക്യദാർഢ്യവും സുസ്ഥിരതയും സൃഷ്ടിക്കാനുമാണ് ഈ പദ്ധതി ലക്ഷ്യമിടുന്നത്.

പദ്ധതിയുടെ കാലയളവ്: 12 മാസം വരെ

ബഡ്ജറ്റ്: പരമാവധി 3,00,000 / രൂപ വരെ

വർഷത്തിൽ ഏതു സമയവും പ്രൊപോസലിനുള്ള അപേക്ഷകൾ സ്വീകരിക്കുന്നതാണ്

**ആർക്കൊക്കെയാണ്  പ്രോപോസലുകൾ അയക്കാൻ കഴിയുന്നത്?**

- സംഗീതം,  ശബ്ദകല, അക്ഷര-വാക്യകല (ടെക്സ്റ്റ്), നൃത്തം, ചലനകല, നാടകം, പാവകളി, കഥ പറച്ചിൽ, മാജിക്, സർക്കസ് തുടങ്ങി അവതരണ സ്വഭാവമുള്ള മേഖലകളിൽ പ്രവർത്തിക്കുന്ന കലാപ്രയോക്താക്കൾ
- സിനിമ  (ഡോക്യുമെന്ററിയും ഫിക്ഷനും),  അനിമേഷൻ, ഫോട്ടൊഗ്രഫി, ഇൻസ്റ്റലേഷൻ, ന്യൂമീഡിയ, ആർട്ടിഫിഷ്യൽ ഇന്റലിജൻസ്, റോബോട്ടിക്സ്, സമ്പർക്കസ്വഭാവമുള്ള കല, ഗെയിമിംഗ്,  ചിത്രകല,  ശിൽപ്പകല,  പ്രിന്റ് മേക്കിംഗ്, കോമിക് പുസ്തകങ്ങൾ, ഗ്രാഫിക് ആഖ്യാനങ്ങൾ, ആർടിസ്റ്റ് ബുക്ക്  തുടങ്ങിയ മാധ്യമങ്ങളിലും, പലതരം മാധ്യമങ്ങൾ സംയോജിപ്പിച്ചു കൊ   ും സൃഷ്ടികൾ നടത്തുന്ന കലാപ്രയോക്താക്കൾ
- ഗാലറി സങ്കേതങ്ങൾക്ക് പുറത്ത് സംഘാടനം നിർവ്വഹിക്കുന്ന ക്യുറേറ്റർമാർ
- കവികൾ, നോവലിസ്റ്റുകൾ, നാടകകൃത്തുക്കൾ തുടങ്ങി സാഹിത്യാദി കലകളിൽ പ്രവർത്തിക്കുന്നവർ.
- വിഷയാന്തർസ്വഭാവത്തോടെ പ്രവർത്തിക്കുന്ന ക്രിയാത്മക പ്രവർത്തകർ.

**യോഗ്യത**

നിങ്ങൾ ഒരു ഇന്ത്യൻപൗരനാണെങ്കിൽ പ്രോജക്റ്റ് പ്രൊപോസൽ അയയ്ക്കാൻ അർഹതയുണ്ട്. നിങ്ങളുടെ സഹപ്രവർത്തകരും ഇന്ത്യൻ പൗരന്മാരായിരിക്കണം.

**പ്രൊപോസലുകൾ എങ്ങനെ അയയ്ക്കാം?**

- ഇംഗ്ലീഷ് ഉൾപ്പെടെ ഏത് ഇന്ത്യൻ ഭാഷയിലും നിങ്ങളുടെ പ്രൊപോസൽ എഴുതാവുന്നതാണ്. ഇംഗ്ലീഷിതര ഇന്ത്യൻ ഭാഷകളിൽ സമർപ്പിക്കുന്ന പദ്ധതികളെ ഐഎഫ്എ പ്രോത്സാഹിപ്പിക്കുന്നു.

- ഐഎഫ്എ സ്റ്റാഫിൽ നിന്നുള്ള പ്രതികരണത്തിനായി നിങ്ങളുടെ ചോദ്യങ്ങളും കരട് ആശയങ്ങളും, രേഖാമൂലമുള്ള, ഓഡിയോ അല്ലെങ്കിൽ വീഡിയോ ഫോർമാറ്റുകളിൽ ഞങ്ങൾക്ക് അയയ്ക്കാവുന്നതാണ്. അന്തിമമായ പ്രൊപോസലുകൾ എഴുത്തുരൂപത്തിൽ മാത്രം സമർപ്പിക്കേണ്ടതാണ്.
- ചുവടെ കൊടുത്തിരിക്കുന്ന വിവരങ്ങൾ ഉൾപ്പെടുത്തിയാണ് പ്രൊപോസലുകൾ സമർപ്പിക്കേണ്ടത്

  - ഒരു പ്രയോക്താവ് എന്ന നിലയിൽ നിങ്ങളുടെ നിലവിലുള്ള കലാപ്രയോഗങ്ങൾ, ആശങ്കകൾ, താൽപ്പര്യങ്ങൾ

  - നിങ്ങൾ ആവിഷ്ക്കരിക്കാൻ താൽപ്പര്യപ്പെടുന്ന കലാസൃഷ്ടിയെക്കുറിച്ചുള്ള വിശദാംശങ്ങളും അതിനുള്ള കാരണവും

  - പദ്ധതി ആവിഷ്ക്കരിക്കുന്നതിനാവശ്യമായ വിശദമായ സമയക്രമവും ബജറ്റും

  - മുൻപ് ചെയ്തിട്ടുള്ള സൃഷ്ടികളുടെ ഉദാഹരണങ്ങൾ

IFA സ്റ്റാഫിൽ നിന്നുള്ള പ്രതികരണത്തിനായി നിങ്ങൾക്ക് നിങ്ങളുടെ ചോദ്യങ്ങളും ഡ്രാഫ്റ്റുമായി ബന്ധപ്പെട്ട ആശയങ്ങളും രേഖാമൂലമോ ഓഡിയോ അല്ലെങ്കിൽ വീഡിയോ ഫോർമാറ്റുകളിലോ ഞങ്ങൾക്ക് അയയ്ക്കാവുന്നതാണ്.

ഫൈനൽ പ്രൊപോസൽ Project Proposal for Arts Platforms (Arts Practice) എന്ന് subject line രേഖപ്പെടുത്തി, john@indiaifa.org എന്ന ഐഡിയിൽ ജോൺ സേവ്യറിന് ഇമെയിൽ ചെയ്യുക. നിങ്ങളുടെ പ്രൊപോസലിനെക്കുറിച്ചുള്ള ചോദ്യങ്ങൾക്കും വിശദീകരണത്തിനും ഇതേവിലാസത്തിൽ തന്നെ ഇമെയിൽ ചെയ്യുക.

**തെരഞ്ഞെടുക്കുന്ന എല്ലാ പദ്ധതികളും ഐ എഫ് എ നടപ്പിൽ വരുത്തുന്നതാണ്.**

കുട്ടികൾ ഉൾപ്പെടെ എല്ലാവരെയും പിന്തുണയ്ക്കുകയും ബഹുമാനിക്കുകയും കരുതുകയും ചെയ്യുന്ന സുരക്ഷിതമായ അന്തരീക്ഷം സൃഷ്ടിക്കാൻ IFA എപ്പോഴും പ്രതിജ്ഞാബദ്ധമായിരിക്കും. അപേക്ഷകർ ഐ എഫ് എ യുടെ ആശയങ്ങളുമായി പൊരുത്തപ്പെടുകയും എല്ലായ്പ്പോഴും അതിന്റെ മൂല്യത്തെ ഉയർത്തിപ്പിടിക്കുകയും വേണം.